ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ.,
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: lsgd.kerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/28563/2026-PH2 തീയതി: 15-09-2026

സർക്കുലർ

വിഷയം: ത.സ്വ.ഭ.വ. – പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – ലഹരിവിരുദ്ധ/COTPA പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കൽ – എക്സൈസ് വകുപ്പിന്റെ '100 ദിന കർമ്മപദ്ധതി', 'മയങ്ങില്ല കേരളം', 'ഓപ്പറേഷൻ തണ്ടർ', 'വിമുക്തി' പദ്ധതികളും, ആഭ്യന്തര വകുപ്പിന്റെ 'ഓപ്പറേഷൻ തൂഫാൻ' ലഹരിവിരുദ്ധ പ്രവർത്തനങ്ങളും തദ്ദേശസ്ഥാപന തലത്തിൽ ഏകോപിപ്പിക്കുന്നതിനും ജനജാഗ്രതാ സമിതികൾ പുനഃസംഘടിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന: 1. സംസ്ഥാനത്ത് വിമുക്തി / COTPA പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചേർന്ന ഓൺലൈൻ യോഗ തീരുമാനം.

2. എക്സൈസ് കമ്മീഷണറുടെ അധ്യക്ഷതയിൽ 01.09.2026-ന് പ്രിൻസിപ്പൽ ഡയറക്ടറുമായി ചേർന്ന് നടത്തിയ ഓൺലൈൻ യോഗ തീരുമാനം.

3. എക്സൈസ് വകുപ്പിന്റെ '100 ദിന കർമ്മപദ്ധതി' മാർഗ്ഗരേഖകൾ.

4. 'ഓപ്പറേഷൻ തൂഫാൻ' ലഹരിവിരുദ്ധ കർമ്മപദ്ധതി സംബന്ധിച്ച മാർഗ്ഗരേഖ.

സംസ്ഥാനത്ത് ലഹരിവസ്തുക്കളുടെ വ്യാപനവും ഉപയോഗവും പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിനായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ എക്സൈസ് വകുപ്പ് സമഗ്രമായ 100 ദിന കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുള്ളതാണ്. എക്സൈസ് വകുപ്പിന്റെ സമഗ്ര ലഹരിവിരുദ്ധ പരിപാടിയായ 'മയങ്ങില്ല കേരളം', നാർക്കോട്ടിക് നെറ്റ്വർക്കുകൾ കണ്ടെത്തുന്നതിനുള്ള എക്സൈസ് എൻഫോഴ്സ്മെന്റ് നടപടിയായ 'ഓപ്പറേഷൻ തണ്ടർ', ലഹരിമുക്തി കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചുള്ള 'വിമുക്തി' കൗൺസിലിംഗ്/ഡി-അഡിക്ഷൻ പ്രവർത്തനങ്ങൾ, ലഹരിമുക്ത പൊതു ഇടങ്ങൾ സൃഷ്ടിക്കുന്നതിനുള്ള RELACS പദ്ധതി എന്നിവ തദ്ദേശസ്ഥാപന തലത്തിൽ കാര്യക്ഷമമായി ഏകോപിപ്പിക്കേണ്ടതുണ്ട്. കൂടാതെ, ലഹരി വ്യാപനം തടയുന്നതിനായി ആഭ്യന്തര വകുപ്പ് നടപ്പിലാക്കുന്ന 'ഓപ്പറേഷൻ തൂഫാൻ' ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ഇതിനോടൊപ്പം കൂട്ടിച്ചേർത്ത് വിപുലമായ പ്രചാരണവും നിരീക്ഷണവും ഉറപ്പാക്കേണ്ടതുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെയും സഹകരണത്തോടെയും ചുവടെ പറയുന്ന 100 ദിന കർമ്മ പദ്ധതിയിലെ പ്രധാന ഘടകങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്:

100 ദിന കർമ്മ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ:

1. ജനജാഗ്രതാ സമിതി പുനഃസംഘടനം.

വ്യക്തമായ ജനപങ്കാളിത്തത്തോടെ ലഹരിവസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്ത്/നഗരസഭകളിലും തദ്ദേശസ്ഥാപന തലത്തിലും വാർഡ് തലത്തിലും (ആകെ 20,999 വാർഡുകൾ) ജനജാഗ്രതാ സമിതികൾ അടിയന്തിരമായി പുനഃസംഘടിപ്പിക്കുകയും കൂടുതൽ ശാക്തീകരിക്കുകയും ചെയ്യേണ്ടതാണ്.

2. തണ്ടർ വോളന്റിയർ ഫോഴ്സ് (Thunder Volunteer Force).

ഓരോ വാർഡിൽ നിന്നും കുറഞ്ഞത് (മിനിമം) 2 പേരെ വീതം സന്നദ്ധ പ്രവർത്തകരായി തിരഞ്ഞെടുത്ത്, സംസ്ഥാനത്താകെ കുറഞ്ഞത് 50,000 അംഗങ്ങളുള്ള വിപുലമായ Thunder Volunteer Force രൂപീകരിക്കേണ്ടതാണ്. ഇവരെ ജനജാഗ്രതാ സമിതികളോടും എക്സൈസ് വകുപ്പിനോടും ചേർത്ത് പ്രാദേശിക ബോധവൽക്കരണങ്ങൾക്കും നിരീക്ഷണങ്ങൾക്കുമായി വിനിയോഗിക്കേണ്ടതാണ്.

3. RELACS (Rest & Entertainment in Leisure times At Comfort Zones).

സംസ്ഥാനത്ത് ലഹരിമുക്ത പൊതുയിടങ്ങൾ (Drug Free Public Places) സൃഷ്ടിക്കുന്നതിനായി 138 കേന്ദ്രങ്ങൾ (എക്സൈസ് റേഞ്ച് അടിസ്ഥാനത്തിൽ) കണ്ടെത്താൻ ലക്ഷ്യമിടുന്നു. ഇതിൽ 129 ഡ്രഗ് ഹോട്ട്സ്പോട്ടുകൾ എക്സൈസ് വകുപ്പ് ഇതിനോടകം തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ സ്ഥലങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ മുൻകൈയെടുത്ത് ശുചീകരിച്ച് ബ്യൂട്ടിഫൈ ചെയ്യുകയും പാർക്കുകൾ/ഉദ്യാനങ്ങൾ, കായിക വിനോദങ്ങൾ, പൊതു കൂട്ടായ്മകൾ, സാംസ്കാരിക പരിപാടികൾ, വായന, സംഗീതം എന്നിവയ്ക്കായി ഉപയോഗപ്രദമായ രീതിയിൽ നവീകരിക്കുകയും വേണം.

4. ലഹരിമുക്ത ക്യാമ്പസ് (Drug Free Campus) & ഓപ്പറേഷൻ തണ്ടർ.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉള്ളിലും ക്യാമ്പസ് പരിസരങ്ങളിലും ലഹരി വസ്തുക്കളുടെ ഉത്പാദനം, സംഭരണം, പ്രദർശനം, വിൽപന എന്നിവ നടക്കുന്നില്ലെന്ന് ഉറപ്പാക്കണം. പോലീസും എക്സൈസിന്റെ 'ഓപ്പറേഷൻ തണ്ടർ' സംഘങ്ങളും നടത്തുന്ന പരിശോധനകളിൽ ആവർത്തിച്ച് കുറ്റകൃത്യങ്ങൾ കണ്ടെത്തുന്ന കടകളുടെ/സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള കർശന നടപടികൾ തദ്ദേശ സ്ഥാപനങ്ങൾ വഴി സ്വീകരിക്കുകയും കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും വേണം.

5. മാതൃകാ റസിഡന്റ്സ് അസോസിയേഷൻ പദ്ധതി.

റസിഡന്റ്സ് അസോസിയേഷനുകൾക്ക് ആവശ്യമായ ഓറിയന്റേഷൻ നൽകുകയും, യുവാക്കളുടെയും കുടുംബങ്ങളുടെയും കൂട്ടായ്മകൾ, ബഹുജന പ്രചാരണങ്ങൾ എന്നിവ സംഘടിപ്പിക്കുകയും വേണം. പോലീസ്-എക്സൈസ് വകുപ്പുകളുമായി ചേർന്ന് സംയുക്തമായി പ്രവർത്തിച്ച് മാതൃകാപരമായ പ്രവർത്തനം നടത്തുന്ന റസിഡന്റ്സ് അസോസിയേഷനുകളെ ജില്ലാതലത്തിൽ ആദരിക്കുന്നതാണ്.

6. വിമുക്തി, അസ്സസ്മെന്റ് & ഡീ-അഡിക്ഷൻ പിന്തുണ.

തണ്ടർ വോളന്റിയർമാർ, തൂഫാൻ വാരിയേഴ്സ്, ജാഗ്രതാ സമിതികൾ, അയൽക്കൂട്ടങ്ങൾ എന്നിവരുടെ സഹായത്തോടെ ജനങ്ങൾക്കായി ബോധവൽക്കരണ പരിപാടികളും **Assessment Tool** വഴിയുള്ള വിവരശേഖരണവും നടത്തേണ്ടതാണ്. ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തി കൗൺസിലിംഗ് നൽകുന്നതിനും എക്സൈസ് വകുപ്പിന്റെ 'വിമുക്തി' ഡീ-അഡിക്ഷൻ സെന്ററുകളിലേക്ക് റെഫർ ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.ഈ പ്രക്രിയയിലുടനീളം വ്യക്തികളുടെ സ്വകാര്യത) പൂർണ്ണമായും സംരക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

7. ഓപ്പറേഷൻ തൂഫാൻ & സ്പെഷ്യൽ ഗ്രാമസഭകൾ.

'ഓപ്പറേഷൻ തൂഫാൻ' പദ്ധതിയുടെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന വാർഡുകളിലും സ്പെഷ്യൽ തൂഫാൻ ഗ്രാമസഭകൾ വിളിച്ചുചേർക്കേണ്ടതാണ്. ഈ ഗ്രാമസഭകൾ വഴി ഓരോ വാർഡിൽ നിന്നും 10-ൽ കുറയാത്ത 'തൂഫാൻ വാരിയേഴ്സിനെ' (Toofan Warriors) കണ്ടെത്തി ജാഗ്രതാ സമിതികളുടെ ഭാഗമാക്കേണ്ടതാണ്.

8. കുടുംബശ്രീ & അയൽക്കൂട്ട ശൃംഖല:

കുടുംബശ്രീ എ.ഡി.എസ്., സി.ഡി.എസ്. അംഗങ്ങൾ, ഹരിതകർമ്മസേന എന്നിവരെ ജാഗ്രതാ സമിതികളിൽ സജീവമാക്കി പ്രാദേശിക ലഹരി വ്യാപന കേന്ദ്രങ്ങളും (Hotspots) വിജനമായ സ്ഥലങ്ങളും കണ്ടെത്തി പൊലീസിനും എക്സൈസിനും വിവരങ്ങൾ കൈമാറേണ്ടതാണ്.

ജനജാഗ്രതാ സമിതി ഘടന:

A) തദ്ദേശസ്വയംഭരണ സ്ഥാപനതലം (കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമ പഞ്ചായത്ത്.

ചെയർപേഴ്സൺ: പ്രസിഡന്റ് / ചെയർപേഴ്സൺ / മേയർ

കൺവീനർ: തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി

ജോയിന്റ് കൺവീനർ: അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (കോർപ്പറേഷൻ) / എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ (മുനിസിപ്പാലിറ്റി) / എക്സൈസ് സബ് ഇൻസ്പെക്ടർ (പഞ്ചായത്ത്)

കോ-കൺവീനർ / പോലീസ് പ്രതിനിധി: സ്റ്റേഷൻ ഹൗസ് ഓഫീസർ/ പോലീസ് ഇൻസ്പെക്ടർ

അംഗങ്ങൾ:

1. മെമ്പർമാർ / കൗൺസിലർമാർ
2. രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ
3. വിമുക്തി മിഷൻ / ഓപ്പറേഷൻ തൂഫാൻ കോ-ഓർഡിനേറ്റർമാർ
4. റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധി
5. മത-സാമുദായിക സംഘടനാ പ്രതിനിധികൾ
6. സ്കൂൾ എച്ച്.എം / പ്രിൻസിപ്പൽ, കോളേജ് പ്രിൻസിപ്പൽ / ഡീൻ
7. മെഡിക്കൽ ഓഫീസർ
8. കുടുംബശ്രീ സി.ഡി.എസ്. പ്രതിനിധി & ഓക്സിലറി ഗ്രൂപ്പ് പ്രതിനിധി
9. യൂത്ത് ക്ലബ്ബ്, ക്ഷേമ സംഘടനാ പ്രതിനിധികൾ
10. NSS, NCC, സ്കൗട്ട്സ്, SPC പ്രതിനിധികൾ
11. വ്യാപാരി വ്യവസായി സമിതി പ്രതിനിധി
12. സ്കൂൾ പി.ടി.എ. പ്രസിഡന്റ് / കൺവീനർ
13. പ്രദേശത്തെ 2-3 പ്രമുഖ വ്യക്തികൾ
14. വില്ലേജ് ഓഫീസർ
15. വിവിധ വകുപ്പുകളുടെ പ്രതിനിധികൾ (ആരോഗ്യം, ഫിഷറീസ്, ഐ.സി.ഡി.എസ്, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾ)
16. പബ്ലിക് ഹെൽത്ത് ഓഫീസർ (കോർപ്പറേഷൻ) / CCM / SPHI / JHI (മുനിസിപ്പാലിറ്റി/പഞ്ചായത്ത്)

B) വാർഡ് തല ജനജാഗ്രതാ സമിതി ഘടന:

ചെയർമാൻ: വാർഡ് മെമ്പർ / കൗൺസിലർ

കൺവീനർ: വാർഡിലെ സ്കൂളിലെ സീനിയർ എച്ച്.എം (സ്കൂളുകൾ ലഭ്യമല്ലെങ്കിൽ സീനിയർ സ്കൂൾ/കോളേജ് അധ്യാപകൻ)

അംഗങ്ങൾ:

1. രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ
2. മത-സാമുദായിക സംഘടനാ പ്രതിനിധികൾ
3. വാർഡിലെ പൊതുമേഖലാ സ്ഥാപന പ്രതിനിധികൾ / വില്ലേജ് ഓഫീസർ
4. എക്സൈസ് പ്രതിനിധി (പ്രിവന്റീവ് ഓഫീസർ / സിവിൽ എക്സൈസ് ഓഫീസർ)
5. ബിറ്റ് പോലീസ് ഓഫീസർ / ജനമൈത്രി പോലീസ്
6. യുവജനക്ഷേമ ബോർഡ് കോ-ഓർഡിനേറ്റർ
7. അംഗൻവാടി വർക്കർ, ആശാ (ASHA) വർക്കർ
8. പ്രാദേശിക സംഘടനാ / സാംസ്കാരിക സംഘടനാ പ്രതിനിധികൾ
9. കുടുംബശ്രീ സി.ഡി.എസ്/എ.ഡി.എസ്. പ്രതിനിധി
10. മെഡിക്കൽ ഓഫീസർ

11. റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധി

12. ലൈബ്രറി പ്രതിനിധി

13. ആർട്സ് & സ്പോർട്സ് ക്ലബ്ബ് പ്രതിനിധികൾ

14. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (JHI/PHI)

15. തൂഫാൻ വാരിയേഴ്സ് (തിരഞ്ഞെടുക്കപ്പെടുന്ന 10 സന്നദ്ധ പ്രവർത്തകർ)

16. തണ്ടർ വോളന്റിയർമാർ (ഒരു വാർഡിൽ കുറഞ്ഞത് 2 പേർ)

യോഗങ്ങളുടെ നടത്തിപ്പും മേൽനോട്ടവും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ:

1. അടിയന്തിര യോഗങ്ങൾ: ജനജാഗ്രതാ സമിതികൾ കൂടുതൽ സജീവമാക്കി എല്ലാ വാർഡ് കമ്മിറ്റികളും അടിയന്തിരമായി വിളിച്ചുചേർക്കുന്നതിനും, സ്പെഷ്യൽ തൂഫാൻ ഗ്രാമസഭകൾ വിളിച്ചുചേർക്കുന്നതിനും പോലീസ്-എക്സൈസ് വകുപ്പുകൾക്ക് ആവശ്യമായ പൂർണ്ണ സഹായസഹകരണങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കേണ്ടതാണ്.

2. യോഗങ്ങളുടെ ഇടവേള: ജനജാഗ്രതാ സമിതികൾ മാസത്തിലൊരിക്കൽ നിർബന്ധമായും യോഗം ചേർന്നിരിക്കേണ്ടതാണ്.

3. കോറം / കുറഞ്ഞ പങ്കാളിത്തം: കമ്മിറ്റി യോഗം സാധുവാകുന്നതിന് ആകെയുള്ള അംഗങ്ങളിൽ കുറഞ്ഞത് 30% അംഗങ്ങളെങ്കിലും യോഗത്തിൽ പങ്കടുത്തിരിക്കേണ്ടത് നിർബന്ധമാണ്. തദ്ദേശസ്ഥാപന അധ്യക്ഷൻ/വാർഡ് മെമ്പർ, സെക്രട്ടറി/കൺവീനർ, എക്സൈസ്/പോലീസ് പ്രതിനിധികൾ എന്നിവരുടെ സാന്നിദ്ധ്യം നിർബന്ധമായും ഉറപ്പാക്കേണ്ടതാണ്.

4. **Action Taken Review**: ഓരോ യോഗത്തിലും മുൻ യോഗ തീരുമാനങ്ങളുടെ നടപ്പാക്കൽ പുരോഗതി **(Action Taken Report)** ആദ്യ അജണ്ടയായി അവലോകനം ചെയ്യേണ്ടതാണ്.

5. ജില്ലാതല ഏകോപനം & കലണ്ടർ: പദ്ധതികളുടെ വിജയകരമായ നടത്തിപ്പിനായി ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ / വിമുക്തി മാനേജർ എന്നിവരുമായി ചേർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർ അടിയന്തിര ഏകോപന യോഗങ്ങൾ ചേരേണ്ടതും, 2026 സെപ്തംബർ 30-നകം എല്ലാ വാർഡ് തല സമിതികളും ചേരുന്നു എന്ന് ഉറപ്പാക്കുന്നതിനുള്ള കലണ്ടർ തയ്യാറാക്കി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6. സംസ്ഥാനതല മേൽനോട്ടം: പ്രിൻസിപ്പൽ ഡയറക്ടറേറ്റും എക്സൈസ്-പോലീസ് നോഡൽ ഓഫീസർമാരും ചേർന്ന് പ്രവർത്തനങ്ങൾ തത്സമയം മോണിറ്റർ ചെയ്യുന്നതായിരിക്കും.

ചുമതലകളും ഉത്തരവാദിത്തങ്ങളും.

സമിതി അംഗങ്ങൾക്കും തണ്ടർ വോളന്റിയർമാർക്കും തൂഫാൻ വാരിയേഴ്സിനും തങ്ങളുടെ ചുമതലകൾ, നിയമപരമായ അധികാരങ്ങൾ, ലഹരി വ്യാപനം തടയുന്നതിനുള്ള വിവരശേഖരണ രീതികൾ **(Assessment Tool)**, കൗൺസിലിംഗ് & ഡി-അഡിക്ഷൻ പുനരധിവാസ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ നൽകുന്നതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക ഇൻഫോർമേറ്റീവ് മോഡ്യൂൾ പ്രിൻസിപ്പൽ ഡയറക്ടറേറ്റും എക്സൈസ്-പോലീസ് വകുപ്പുകളും സംയുക്തമായി ഉടൻ തന്നെ ലഭ്യമാക്കുന്നതാണ്.

എല്ലാ തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാരും അതത് ജില്ലകളിലെ ജില്ലാ പോലീസ് മേധാവികൾ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ എന്നിവരുമായി ചേർന്ന് അടിയന്തിര ഏകോപന യോഗങ്ങൾ വിളിച്ച് ചേർക്കേണ്ടതും, മേൽപ്പറഞ്ഞ കാര്യങ്ങളുടെ നടത്തിപ്പും ഏകോപനവും ഉറപ്പുവരുത്തേണ്ടതുമാണ്. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ അതീവ പ്രാധാന്യത്തോടെ കണ്ട് അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

Dr. Divya S Iyer IAS
PRINCIPAL DIRECTOR

Digitally signed by
DIVYA S IYER
Date: 15-09-2026
22:41:51